**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 95** **03-02-2026 - ൽ മറുപടിയ്ക്ക്**

**പാഠപുസ്തകങ്ങളിൽ വരുത്തിയ പ്രധാനപ്പെട്ട മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 അധ്യയന വർഷം മുതൽ ഭരണഘടനയുമായി ബന്ധപ്പെട്ട് പാഠപുസ്തകങ്ങളിൽ വരുത്തിയ പ്രധാനപ്പെട്ട കൂട്ടിച്ചേർക്കലുകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | 2023-24 അധ്യയന വർഷം മുതൽ കേരളത്തിലെ പാഠപുസ്തകങ്ങളിൽ ഭരണഘടനാ മൂല്യങ്ങൾക്ക് വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. ഇതിന്റെ പ്രധാന വശങ്ങൾ താഴെ പറയുന്നവയാണ്:<br><br>1. 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പരിഷ്കരിച്ച എല്ലാ പാഠപുസ്തകങ്ങളുടെയും ആരംഭത്തിൽ ഭരണഘടനയുടെ ആമുഖം (Preamble) ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>2. ഭരണഘടനാ ആശയങ്ങൾ കേവലം ആമുഖത്തിൽ മാത്രം ഒതുക്കി നിർത്താതെ, 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിവിധ വിഷയങ്ങളിലായി പടർന്നുകിടക്കുന്ന അനേകം പാഠഭാഗങ്ങളിൽ വ്യത്യസ്തമായ രീതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താഴ്ന്ന ക്ലാസ്സുകളിൽ ലളിതമായ ആശയങ്ങളിലൂടെയും ഉയർന്ന ക്ലാസ്സുകളിൽ ആഴത്തിലുള്ള വിശകലനങ്ങളിലൂടെയും ജനാധിപത്യം, മതേതരത്വം, തുല്യത തുടങ്ങിയ ആശയങ്ങൾ കുട്ടികൾക്ക് പകർന്നുനൽകുന്നു.<br><br>3. പാഠപുസ്തകത്തിന്റെ മീഡിയത്തിന് അനുസരിച്ച് അതത് ഭാഷകളിൽ (മലയാളം, തമിഴ്, കന്നഡ, ഹിന്ദി) ആമുഖവും ഭരണഘടനാ ആശയങ്ങളും നൽകിയിരിക്കുന്നു.<br><br>4. ഭരണഘടനയോടൊപ്പം തന്നെ ലിംഗനീതി, പോക്സോ (POCSO) നിയമങ്ങൾ, ശാസ്ത്രബോധം എന്നിവയ്ക്കും പാഠപുസ്തകങ്ങളിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. |
| (ബി) | കുട്ടികളിൽ വിമർശനാത്മക ചിന്ത വളർത്തുന്നതിനായി പാഠപുസ്തകങ്ങളിൽ | (ബി) | വിമർശനാത്മക ചിന്ത വളർത്തുന്നതിനായി 'വിമർശനാത്മക ബോധനശാസ്ത്രം' (Critical |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള സമീപനം എങ്ങനെയുള്ളതാണ്; വിശദമാക്കുമോ; | | Pedagogy) അടിസ്ഥാനമാക്കി പ്രവർത്തനങ്ങൾ ഒരുക്കുന്നതിന് സഹായകമായ രീതിയിലാണ് പാഠപുസ്തകങ്ങളും അധ്യാപക സഹായിയും തയ്യാറാക്കിയിട്ടുള്ളത്.<br><br>സമൂഹജ്ഞാനനിർമ്മിതി അടിസ്ഥാനമാക്കി ബോധന പ്രക്രിയ നിശ്ചയിച്ചു. അതിനാൽ നമ്മുടെ ക്ലാസ് മുറികളിൽ അറിവ് കുട്ടികൾക്ക് പറഞ്ഞു കൊടുക്കുന്നതിന് പകരം, ചോദ്യങ്ങളിലൂടെയും വിശകലനത്തിലൂടെയും അവർ തന്നെ അറിവ് കൂട്ടായിനിർമ്മിക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.<br><br>പ്രശ്നപരിഹരണശേഷി സമീപനത്തിന്റെ ഭാഗമായി സാമൂഹിക വിഷയങ്ങളെ (ഉദാഹരണത്തിന് കൃഷി, പരിസ്ഥിതി, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള സമീപനം) ആധാരമാക്കി പാഠഭാഗങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നു. ഇത് കുട്ടികളെ ജീവിത സാഹചര്യങ്ങളുമായി പഠനത്തെ ബന്ധിപ്പിക്കാൻ സഹായിക്കുന്നു.<br><br>ക്ലാസ്സ് മുറികളിലെ തുറന്ന ചർച്ചകളും സംവാദങ്ങളും വഴി കുട്ടികളിൽ യുക്തിസഹമായ ചിന്താഗതി വളർത്തിയെടുക്കുന്നു. സഹവർത്തിത്വവും സഹകരണാത്മകവുമായ പ്രവർത്തനങ്ങൾ പഠന പ്രവർത്തനങ്ങളുടെ സവിശേഷതയാണ്. |
| (സി) | പരീക്ഷകളിൽ കേവലം ഓർമ്മശക്തി പരീക്ഷിക്കുക എന്നതിന് പകരം വിശകലനശേഷിയും ചിന്താശേഷിയും വളർത്തുന്നതിനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഓർമ്മശക്തിക്ക് പകരം കുട്ടികളുടെ വ്യത്യസ്തമായ ചിന്താപ്രക്രിയകൾക്ക് പ്രാധാന്യം നൽകുന്നതിനായി മൂല്യനിർണ്ണയ രീതിയിൽ ശാസ്ത്രീയമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഓരോ വിഷയത്തിനും എഴുത്തുപരീക്ഷയിൽ കുറഞ്ഞത് 30% മാർക്ക് നേടണം എന്ന നിബന്ധന കൊണ്ടുവന്നു. 80 മാർക്കിന്റെ പരീക്ഷയിൽ 24 മാർക്കും 40 മാർക്കിന്റെ പരീക്ഷയിൽ 12 മാർക്കും 20 മാർക്കിന്റെ പരീക്ഷയിൽ 6 മാർക്കും മിനിമം സ്കോറായി നിശ്ചയിച്ചു.<br><br>ചോദ്യപേപ്പർ ഘടനയിൽ കാലോചിതമായ മാറ്റം വരുത്തി. കുട്ടികളുടെ കഴിവുകളെ പരിഗണിച്ചുകൊണ്ട് ചോദ്യങ്ങളെ മൂന്ന് തലങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു:<br><br>അടിസ്ഥാന തലം (30%): വസ്തുതകൾ ഓർത്തെടുക്കുന്നത്.<br><br>ശരാശരി തലം (50%): പ്രയോഗവും വിശകലനവും.<br><br>ഉയർന്ന തലം (20%): സർഗ്ഗാത്മകവും ആഴത്തിലുള്ളതുമായ ചിന്ത ആവശ്യമായ പ്രയാസമേറിയ ചോദ്യങ്ങൾ. |

| | | | |
|---|---|---|---|
| | | | 2024-25-ൽ എട്ടാം ക്ലാസ്സിലും, 2025-26-ൽ ഒമ്പതാം ക്ലാസ്സിലും അടുത്ത അധ്യയന വർഷം പത്താം ക്ലാസ്സിലും എഴുത്ത് പരീക്ഷയിൽ 30% മിനിമം മാർക്ക് നടപ്പിലാക്കും. |
| (ഡി) | ഫിൻലാന്റ് മാതൃകയിലുള്ള വിദ്യാഭ്യാസ രീതിയിൽ നിന്ന് കേരളം ഉൾക്കൊള്ളാൻ ശ്രമിക്കുന്ന പ്രധാന മാതൃകകൾ എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | ലോകത്തിലെ മികച്ച വിദ്യാഭ്യാസ രീതികളിലൊന്നായ ഫിൻലാൻഡ് മാതൃകയിൽ നിന്ന് കേരളത്തിനു സ്വീകരിക്കാവുന്ന പ്രധാന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പ്രി-പ്രൈമറി ക്ലാസ്സുകളിൽ കളികളിലൂടെയുള്ള പഠനവും ശിശു കേന്ദ്രീകൃതമായ ബോധനരീതികളും.<br><br>2. ഗവേഷണാധിഷ്ഠിതമായ അധ്യാപക പരിശീലന രീതികളും അധ്യാപകർക്ക് നൽകുന്ന അക്കാദമിക് സ്വാതന്ത്ര്യവും.<br><br>അതോടൊപ്പം തന്നെ കേരളത്തിന്റെ 'ലിറ്റിൽ കൈറ്റ്സ്' (LITTLE KITES) പദ്ധതി ഫിൻലാൻഡിലെ സ്കൂളുകളിൽ നടപ്പിലാക്കാൻ ആ രാജ്യവും താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. |
| (ഇ) | വിദ്യാകിരണം മിഷൻ എന്നതുകൊണ്ട് ലക്ഷ്യമിടുന്നത് എന്താണെന്ന് വിശദമാക്കാമോ? | (ഇ) | നവകേരള മിഷന്റെ ഭാഗമായി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രധാന മിഷനുകളിൽ ഒന്നാണ് വിദ്യാകിരണം മിഷൻ.<br><br>ലക്ഷ്യം: പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി, പൊതുവിദ്യാലയങ്ങളെ ആഗോള നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി (Centres of Excellence) മാറ്റുക എന്നതാണ് ഇതിന്റെ പ്രധാന ദൗത്യം.<br><br>സ്കൂളുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ഹൈടെക് ക്ലാസ്സ് മുറികൾ സജ്ജമാക്കുക, ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്തുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെ വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ മിഷൻ ഏകോപിപ്പിക്കുന്നു.<br><br>സർക്കാർ പ്രഖ്യാപിച്ച സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടിയുടെ ഏകോപന ചുമതലയും വിദ്യാകിരണം മിഷനാണ് നിർവ്വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ